(സി) 20-12-2004 മുതൽ 31-3-2005 വരെയുള്ള കാലയളവ് ഊർജിതപിരിവ് യത്നത്തിനുള്ള കാലമായി (16-12-2004-ൽ സർക്കാർ ഉത്തരവ് നമ്പർ 5176/04/ ആർഡി) പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ദൈനംദിന പിരിവ് പുരോഗതി അവലോകനം ചെയ്യാൻ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷം ജനുവരി 31 വരെ 2194.32 ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്. കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി പൂർണ്ണമായി പിരിച്ചടുക്കുവാനുള്ള ഊർജ്ജിത ശ്രമം നടത്തിവരുന്നു.

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പദ്ധതികൾ

18 [2187] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 2004-2005 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്ത് തുക നീക്കിവച്ചെന്ന് വിശദമാക്കാമോ;

(ബി) ഇതിനകം ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്നും അതിനായി എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കാമോ;

(സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സർക്കാർ അനുമതി വാങ്ങാതെ സ്വകാര്യ ബാങ്കിൽ പണം നിക്ഷേപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് 46.32 ലക്ഷം രൂപയുടെ നഷ്ടം സർക്കാരിന് സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ബോർഡിനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദീകരണം ലഭിച്ചിട്ടുണ്ടോ; അതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) (1) വായ്പാ പദ്ധതി:

(i) സുരക്ഷാ പദ്ധതി

(2) പൊതു ഭവന നിർമ്മാണ പദ്ധതി:

(ii) ആക്കുളം ടൗൺഷിപ്പ്

LIBRARY ARCHIVES Kerala Legislative Assembly

(3) റവന്യൂ ടവർ പദ്ധതി:

(iii) ആറ്റിങ്ങൽ റവന്യൂ പദ്ധതി

(iv) തൊടുപുഴ റവന്യൂ ടവർ

(4) ലക്ഷം വീട് നവീകരണ പദ്ധതി

1 മുതൽ 3 വരെയുള്ള പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. ലക്ഷം വീട് നവീകരണ പദ്ധതിക്ക് സർക്കാർ 5 കോടി രൂപ അനുവദിച്ചു. 39 പഞ്ചായത്തുകളിൽ ഇതിനോടകം പദ്ധതി തുടങ്ങിക്കഴിഞ്ഞു.

(ബി) മുൻ വർഷങ്ങളിൽ ആരംഭിച്ച 5 പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഭവന നിർമ്മാണ ബോർഡ് ഈ വർഷം താഴെ പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചു.

1. തിരുവനന്തപുരം ജില്ലയിൽ നാലാഞ്ചിറ ഭൂവികസന പദ്ധതി, 30 പ്ലോട്ടുകൾ അതിർത്തി തർക്കമുള്ള വശത്തെ താങ്ങുമതിൽ നിർമ്മാണം ഒഴികെ ബാക്കി എല്ലാ ജോലികളും പൂർത്തീകരിച്ചു. ഇതിനായി ആകെ 6.3 ലക്ഷം രൂപ ചെലവഴിച്ചു.

2. എറണാകുളം ജില്ലയിൽ കാക്കനാട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ-121 കിടക്കകൾ നിർമ്മാണം പൂർത്തീകരിച്ചു. ഇതിനായി ആകെ 30.78 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു.

3. സുനാമി ദുരന്തബാധിതർക്കായി ഈ വർഷം കരുനാഗപ്പള്ളിയിൽ 200 താൽക്കാലിക ഷെഡ്ഡുകൾ പൂർത്തീകരിച്ചു. ഇതിനുവേണ്ടി ഉദ്ദേശം 51.27 ലക്ഷം രൂപ ചെലവഴിച്ചു.

4. കൺസൾട്ടൻസി മേഖലയിൽ കേരള ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ വകയായി ഉള്ളൂരിലുള്ള കെട്ടിടത്തിന്റെ അഡീഷണൽ വർക്കുകൾ, കാർ ഷെഡ്, ഓഡിറ്റോറിയം എന്നിവ ഈ വർഷം പൂർത്തീകരിച്ചു കൊടുത്തു. ഇതിലേക്കായി ആകെ 35.51 ലക്ഷം രൂപ ചെലവഴിച്ചു. (ചെലവഴിച്ച തുക ഡെപ്പോസിറ്റ് തുകയായി കെ.റ്റി.ഡബ്ല്യു.ഡബ്ല്യു.എഫിൽ നിന്നും ലഭിച്ചതാണ്.)

(സി) ബോർഡ് ദേശസാൽകൃത ബാങ്കുകളിലും ഷെഡ്യൂൾഡ് ബാങ്കുകളിലും മാത്രമേ ഫണ്ട് നിക്ഷേപിച്ചിട്ടുള്ളൂ.

(ഡി) ഇതുമായി ബന്ധപ്പെട്ട് ബോർഡിന് പലിശയിനത്തിൽ യാതൊരുവിധ നഷ്ടവും ഉണ്ടായിട്ടില്ല.

(ഇ) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് ഓഡിറ്റ്, ബാങ്ക് നിക്ഷേപങ്ങളെ സംബന്ധിച്ച് Audit Query-യിലൂടെ ബോർഡിനോട് ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയുണ്ടായി. അതിനു മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly